LIBRARY ARCHIVES Kerala Legislative Assembly

പ്രീ-പ്രൈമറി സ്കൂൾ

28 (5095) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് എത്ര പ്രീപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയിലെല്ലാം കൂടി എത്ര വിദ്യാർത്ഥികളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രൈമറി മുതലുള്ള വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ; ഈ സഹായം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉച്ചഭക്ഷണ പദ്ധതിയിൽ പ്രീപ്രൈമറി കുട്ടികളെ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് 2280 പ്രീപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി ഏകദേശം 70,000 വിദ്യാർത്ഥികൾ പഠിക്കുന്നു.

(ബി) പ്രൈമറി മുതലുള്ള വിദ്യാർത്ഥികൾക്ക് മറ്റ് കുട്ടികൾക്കുള്ളതുപോലെ ഉച്ചഭക്ഷണം നൽകിവരുന്നു.

(സി) നിലവിൽ അംഗീകാരമില്ലാത്ത പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ

29 (5096) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവ ഏതെല്ലാം ജില്ലകളിലാണെന്നും അവയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്താൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(സി) സ്ഥലം ലഭ്യമായ വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സ്ഥലം ലഭ്യമായ വിദ്യാലയങ്ങൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 147 സ്കൂളുകൾ.

(ബി) എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവയാണ് ജില്ലകൾ. സർക്കാരിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതിനാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സ്ഥലം ഏറ്റെടുക്കുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.

(സി) ജില്ലാതലത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ട് മുഖേനയും കെട്ടിടനിർമ്മാണത്തിന് തുക ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മലപ്പുറം ജില്ല :

1. ജി.എൽ.പി. സ്കൂൾ, എ.ആർ. നഗർ.
2. ജി. എൽ.പി. സ്കൂൾ, കാച്ചിപെരുത്തി
3. ജി.എൽ.പി. സ്കൂൾ, അത്താണിക്കൽ
4. ജി.എൽ.പി. സ്കൂൾ, പൂക്കോട്ടൂർ

കണ്ണൂർ ജില്ല :

5. ജി.ഡബ്ല്യു.യു.എൽ.പി.സ്കൂൾ, ഏഴോം
6. ജി.സി.യു.പി. സ്കൂൾ, കഞ്ഞിമംഗലം
7. ജി.യു.പി. സ്കൂൾ, പെരുമ്പ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ല :

8. ജി.എഫ്.പി.സ്കൂൾ, മാണിക്കോത്ത്

9. ജി.എൽ.പി.സ്കൂൾ, കുന്നത്തൂർ, മഞ്ചേശ്വരം

കോഴിക്കോട് ജില്ല :

10. ജി.എം.യു.പി.സ്കൂൾ, രാരോത്ത്

11. ജി.എൽ.പി. സ്കൂൾ, ഇരഞ്ഞിക്കൽ

ആർ.എം.എസ്.എ. പദ്ധതി

30 (5097) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര യു.പി. സ്കൂളുകൾ ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഹൈസ്കൂളുകളാക്കി ഉയർത്തിയിട്ടുണ്ട് എന്ന് അവയുടെ പേരും ജില്ലയും സഹിതം വ്യക്തമാക്കാമോ ;

(ബി) ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂളുകളാക്കി ഉയർത്തപ്പെട്ട സ്കൂളുകളിൽ ഹൈസ്കൂൾ പ്രവർത്തിക്കാനാവശ്യമായ കെട്ടിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി 35 ലക്ഷം രൂപ വീതം അനുവദിക്കണമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്കൂളുകളിൽ ഇതിനായി ഫണ്ടനുവദിച്ചിട്ടുണ്ട് ; ബാക്കി സ്കൂളുകൾക്ക് ഫണ്ടനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകൾക്ക് അടിയന്തരമായി കെട്ടിടം നിർമ്മിച്ചു നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉയർത്തപ്പെട്ട ഇത്തരം സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗത്തിൽ പ്രഥമാദ്ധ്യാപകരോ അദ്ധ്യാപകരോ ഒരു അദ്ധ്യയനവർഷത്തിൽ പൂർണ്ണമായി ഇല്ലാത്തത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അദ്ധ്യാപകരെ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?